**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1941** **08-02-2023 - ൽ മറുപടിയ്ക്ക്**

**മിൽമ പാൽ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ.കെ.രമ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മിൽമ ടോൺഡ് മിൽക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേർഡ് മിൽക് എന്ന് അച്ചടിച്ച് പാൽ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വ്യവസ്ഥയ്ക്ക് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ലേബലുകൾ സംബന്ധമായ നിയമപ്രകാരം ഇത്തരം പ്രവൃത്തി നിയമാനുസൃതമല്ല. |
| (സി) | സ്റ്റാൻഡേർഡ് മിൽക് എന്ന് അച്ചടിച്ച കവറിൽ ടോൺഡ് മിൽക് വിൽക്കാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കേ, മിൽമ ടോൺഡ് മിൽക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേഡ് മിൽക് എന്ന് അച്ചടിച്ച് പാൽ വിതരണം ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സ്റ്റാൻഡേർഡ് മിൽക്ക് എന്ന് അച്ചടിച്ച കവറിൽ ടോൺഡ് മിൽക്ക് വിൽക്കാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കേ, മിൽമ ടോൺഡ് മിൽക്ക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേർഡ് മിൽക്ക് എന്ന് അച്ചടിച്ച് പാൽ വിതരണം ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ